# ജനാധികാരത്തിന്റെ സാധ്യതകൾ

**ജനാധികാര രാഷ്ട്രീയത്തിന്റെ ഗുണപരമായ വളർച്ചയ്ക്ക് വേണ്ടി ജനങ്ങളും ജനപ്രതിനിഘധികളും ഒത്തൊരുമിച്ച് ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച്**

**അഡ്വ. ജോർജ്ജുകുട്ടി കടപ്ലാക്കൽ**

## തെരഞ്ഞെടുപ്പാനന്തരം

**വോട്ടുചെയ്യുന്നതോടെ** ജനങ്ങളുടെ അവകാശം തീർന്നുവെന്നാണ് രാഷ്ട്രീയ കക്ഷികൾ വിചാരിക്കുന്നത്, ഒരു പരിധിവരെ ജനങ്ങളും. വോട്ടുചെയ്യൽ പ്രക്രിയവഴി യഥാർത്ഥ ജനാധിപത്യം സാർത്ഥകമാവുന്നില്ല. ജനപ്രതിനിധികളെ നിയന്ത്രിക്കുവാൻ നമ്മുടെ ഭരണഘടനയും ജനപ്രാതിനിധ്യ നിയമവും ജനങ്ങളെ അനുവദിക്കുന്നില്ല. ഒരു നിയമസഭയ്ക്കുമാത്രമായി അത്തരത്തിൽ ജനകീയ നിയമങ്ങൾ നിർമ്മിക്കുവാനുമാവില്ല. പക്ഷേ ജനാധികാര രാഷ്ട്രീയത്തിന്റെ ഗുണപരമായ വളർച്ചയ്ക്ക് ഉതകുന്ന ധാരാളം കാര്യങ്ങൾ ചെയ്യുന്നതിന് നിയമസഭയ്ക്കും മന്ത്രിസഭയ്ക്കും കഴിയും. ജനപ്രതിനിധികളും ജനങ്ങളും പരിഗണിക്കേണ്ട ചില വിഷയങ്ങൾ മുന്നോട്ട് വയ്ക്കുകയാണ് ഇവിടെ.

**1.** മന്ത്രിമാരുടെ സംഖ്യാപരമായ വലിപ്പം അധികാരകേന്ദ്രീകരണം തന്നെയാണ്. അധികാര വികേന്ദ്രീകരണത്തിന് മുമ്പുള്ള കാലത്തേതിനെക്കാൾ കുറവായിരിക്കണം മന്ത്രിമാരുടെ എണ്ണം. ഏഴ് മന്ത്രിമാരിൽ കൂടുതൽ ഇന്ന് ആവശ്യമില്ല. മന്ത്രിമാർ എല്ലാവരും ഓഫീസിലിരുന്ന് ജോലി ചെയ്യണം. തലങ്ങും വിലങ്ങും പായേണ്ട കാര്യമില്ല. പാർട്ടിപ്രവർത്തനങ്ങളിൽ മന്ത്രിമാർ വ്യാപൃതരാകരുത് . അത് സംഘടനാ സംവിധാനത്തിന് വിട്ടുകൊടുക്കണം. എം.എൽ.എ മാർ എക്സിക്യൂട്ടിവ് അധികാരികളെപ്പോലെ പ്രവർത്തിക്കരുത്. നിയമ നിർമ്മാണത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കണം. എം.എൽ.എ ഫണ്ടുകൾ പഞ്ചായത്തുകൾക്ക് വിഭജിച്ചുനൽകുന്നതിന് തയ്യാറാകണം.

**2.** അധികാരവികേന്ദ്രീകരണം കൂടുതൽ ഫലപ്രദമാക്കുന്നതിന് പഞ്ചായത്തിരാജ് നിയമത്തിൽ ഭേദഗതികൾ ഉണ്ടാവണം മദ്യഷാപ്പുകൾക്ക് ലൈസൻസ് നൽകുന്നത് സംബന്ധിച്ച് പഞ്ചായത്തുകൾക്ക് ഉണ്ടായിരുന്ന അധികാരം പുനസ്ഥാപിക്കണം പഞ്ചായത്തുകൾ ഫാക്ടറികൾക്കും, ഷാപ്പുകൾക്കും, പാറമടകൾക്കും, മെറ്റൽ ക്രഷററുകൾക്കും, ലൈസൻസ് നൽകുന്നത് ഗ്രാമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയ ശേഷം മാത്രമായിരിക്കണം. ഇപ്പോൾ പഞ്ചായത്തു രാജ് നിയമത്തിൽ 163,164 വകുപ്പുകളിൽ പ്രവർത്തനകമ്മിറ്റികളും, വാർഡു കമ്മിറ്റിക

ളും, സബ് കമ്മിറ്റികളും രൂപികരിക്കുന്നതിന് വ്യവസ്ഥയുണ്ട് അത്തരം കമ്മിറ്റികളിൽ നാമ നിർദേശം ചെയ്യപ്പെടുന്നവർക്ക് വോട്ടവകാശമില്ല. അത്തരം കമ്മറ്റികൾ ഇപ്പോൾ രൂപീകരിക്കുന്നുമില്ല. അപ്രകാരം കമ്മറ്റികളിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നതിന് പകരം ഗ്രാമസഭകളിൽ നിന്നും പ്രതിനിധികളെ തെരഞ്ഞെടുക്കുകയും അവർക്ക് വോട്ടവകാശം നൽകുകയും വേണം. പ്രാദേശിക കാര്യങ്ങൾ തീരുമാനിക്കുന്നതിൽ ഇത്തരം കമ്മറ്റികൾക്ക് പങ്കാളിത്തം ലഭിക്കുന്ന വിധത്തിൽ പഞ്ചായത്തിരാജ് നിയമം ഭേദഗതി ചെയ്യണം. പഞ്ചായത്തുരാജ് നിയമം 218 വകുപ്പനുസരിച്ച് ഇപ്പോൾ ജലത്തിനുമേൽ പഞ്ചായത്തുകൾക്ക് അധികാരം നൽകിയിട്ടുണ്ട് അത് കുറെ കൂടി വ്യക്താമക്കുകയും, ഭൂഗർഭജലത്തിനും കൂടി പഞ്ചായത്തിന് അധികാരം നൽകുകയും വേണം. ജലം ഉൾപ്പെടെയുള്ള പ്രാദേശിക വിഭവങ്ങളുടെ മേൽ ജനകീയ നിന്ത്രണം ഫലപ്രഥമാക്കുന്നതിന് ഗ്രാമ സഭകൾക്ക് അധികാരം നൽകണം. കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളും ചേർന്ന് പഞ്ചായത്ത് സംഘടന രൂപികരിക്കണമെന്ന് 1994 ലെ പഞ്ചായത്തീരാജ് നിയമത്തിൽ വ്യവസ്ഥയുണ്ടായിരുന്നുവെങ്കിലും പിന്നീട് അത് അട്ടിമറിക്കപ്പെട്ടു. അധികാരങ്ങളോടും കൂടിയ പഞ്ചായത്തു സംഘടന രൂപം നൽകുവാൻ നിയമഭേദഗതികൾ നടത്തേണ്ടതുണ്ട് . ഇത് ഗ്രാമീണ ജനതയുടെ ആത്മാഭിമാനം വർദ്ധിപ്പിക്കുകയും പ്രാദേശിക ഭരണകൂടങ്ങൾക്ക് അതുവഴി വിലപേശുന്നുതിന് കഴിവുണ്ടാകുകയും ചെയ്യും. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ കോളനികളാക്കി പഞ്ചായത്തുകളെ ലഘുകരിക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിന് ഇത് സഹായകമാവും.

**3.** തെരഞ്ഞെടുപ്പുവേളകളിൽ വിനയാന്വിതരായിയെത്തുന്ന സ്ഥാനാർത്ഥികൾ ജനപ്രതിനിധികളായികഴിഞ്ഞാൽ സമ്മതിദായകർക്ക് യാതൊരു നിന്ത്രണവും ഇല്ല. ഇത് ഒരളവുവരെയെങ്കിലും പരിഹരിക്കുന്നതിന് ഒരു നിയോജകമണ്ഡലത്തിലെ പഞ്ചായത്ത് അംഗങ്ങളും ഗ്രാമസഭയുടെ പ്രതിനിധികളും സന്നദ്ധസംഘടനാ പ്രതിനിധികളുമടങ്ങിയ ഒരു കൗൺസിൽ രൂപികരിച്ച് ജനപ്രതിനിധിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും വ്യവസ്ഥയുണ്ടാവണം.

**4.** ഭൂരഹിതർക്കു ഭൂമിനൽകുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമായി പ്ലാന്റേഷൻ കോർപ്പറേഷന്റേത് ഉൾപ്പെടെയുള്ള തോട്ടങ്ങൾ എറ്റെടുത്ത് ഭൂരഹിതർക്ക് ഭക്ഷ്യോത്പാദനം നടത്തണമെന്ന വ്യവസ്ഥയിൽ നൽകണം. ഭൂരഹിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഏകവിളത്തോട്ടങ്ങൾ ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ തടയുന്നതിനും ഇത്തരത്തിൽ നിർതോട്ടവൽക്കരണം (Deestatization) ആവശ്യമാണ്.

**5.** ചെറുകിട ഉത്പാദകരുടെ സംരംഭങ്ങൾ വിജയപ്പിക്കുന്നതിന് ഉത്പന്നങ്ങൾ സർക്കാർ വാങ്ങുന്നതിനും നിത്യോപയോഗസാധനങ്ങളുടെ ഉത്പാദനത്തിന് ചെറുകിട ഉത്പാദകർക്ക് സംവരണം ഏർപ്പെടുത്തുകയും ചെയ്യുകയാണ് പോംവഴി. അങ്ങനെ സമ്പത്ത് വ്യവസ്ഥയെ ഉൾകരുത്തുള്ളതാക്കാം?.

**6.** വർദ്ധിച്ചുവരുന്ന മാലിന്യ നിക്ഷേപമാണ് കേരളം നേരിടുന്ന ഒരു പ്രധാന ഭീക്ഷണി. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരം തിരിക്കുന്നതിനും പരിസ്ഥിതിക്ക് ദോഷകരമല്ലാത്ത വിധത്തിൽ സംസ്ക്കരിക്കുന്നതിനും യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കണം. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉത്പാദനം തടയുന്നതിനും ഡിസ്പോസബിൾ പ്ലാസ്റ്റിക് ഉല്പന്നങ്ങൾ നിരോധിക്കേണ്ടതും അടിയന്തിരപ്രാധാന്യമുള്ള കാര്യമാണ്.

**7.** ജെ.സി.ബി ഉപയോഗിച്ചുള്ള മലയിടിക്കൽ മൂലം കേരളത്തിലെ കുന്നുകളും മലകളും അപ്രത്യക്ഷമാകുന്നത് കേരളത്തിന്റെ വലിയ പാരിസ്ഥിതിക ദുരന്തത്തിന് കാരണമാകും. ജെ. സി. ബി കളുടെ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുകയും മലയിടിക്കുന്നത് തടയുകയും വേണം, മൂന്നാർ വാഗമൺ പ്രദേശങ്ങളിലേയും മറ്റുപ്രദേശങ്ങളിലേയും കൈയ്യേറ്റങ്ങൾ ഒഴുപ്പിക്കുകയും, ജൈവ വൈവിധ്യം സംരക്ഷിക്കുകയും വേണം.

**8.** കോൺക്രീറ്റ് കെട്ടിടങ്ങൾ വൻതോതിൽ താപം ഉൽസർജിക്കുന്നുണ്ട് 1000 സ്ക്വയർ അടിയിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് ഗ്രീൻ ബൽററ് നിർബന്ധമാക്കണം.

**9.** നദിസംരക്ഷണത്തിന് സമഗ്രനിയം നിർമ്മിക്കുക, പരിസ്ഥിതി സംരക്ഷണത്തിനുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കുക. ജലം പിടിച്ചുനിർത്തുന്ന വനസമാനമായ മണ്ണ് നാട്ടിൻ പുറങ്ങളിൽ സൃഷ്ടിച്ചുകൊണ്ടുമാത്രമെ ജലം സംരക്ഷിക്കുന്നതിനും കേരളത്തിലെ നദികളെ സജലമാക്കുന്നതിനും കഴിയുകയുള്ളു. അതിനായി ജൈവവസ്തുകൾ ഉപയോഗിച്ച് മണ്ണിൽ പുതയിടുകമാത്രമാണ് പോംവഴി. ഇതിന് സർക്കാർ മുൻകൈയെടുക്കണം.

**10.** നാടൻ പശുക്കളെ വളർത്തുന്നതിനും ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേകം പദ്ധതി വേണം.

**11.** ഉദ്യോഗസ്ഥൻമാർക്കുള്ള ശമ്പളം വൻതോതിൽ വർദ്ധിപ്പിക്കുന്ന ഭരണകൂടം ക്ഷേമപെൻഷനുകൾ മിനിമം പ്രതിമാസം 2000 രൂപയാക്കാൻ തയ്യാറാകണം.

**12.** ഭവനരഹിതർക്കു വീട് നിർമ്മിക്കാൻ 75,000 രൂപാ നൽകുന്നത് 3,00,000 രൂപയായി വർദ്ധിപ്പിക്കണം.

**13.** സർക്കാർ ഓഫീസുകളിലെ അഴിമതിയുടെയും കൈകൂലിയുടെയും തിക്ത ഫലങ്ങൾ അനുഭിക്കുന്നത് സാധാരണ ജനങ്ങൾ ആണ്. അത് ഇല്ലാത്താക്കുന്നതിന് ലോക് പാലിന് സമാനമായ സംവിധാനം താലൂക്കുതലത്തിലെങ്കിലും ഉണ്ടാവണം. സർക്കാർ ഓഫീസുകളിൽ നിരീക്ഷണം ഏർപ്പെടുത്തണം. എല്ലാ വികസനപ്രവർത്തനങ്ങളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണം.

**14.** ഇത്തരത്തിൽ സുതാര്യമായും ജനാധികാരോന്മുഖമായും അധികാരം വിനിയോഗിക്കുവാൻ പുതിയ ഭരണക്കാർക്ക് കഴിയുമോ എന്നുമാത്രമാണ് സാധാരണക്കാരൻ ഉറ്റുനോക്കുന്നത്.

---

**ആരോഗ്യം, ഭക്ഷണം, കൃഷി**
എന്ന വിഷയത്തിൽ മെയ് 2ന്
ഏകദിന ക്യാമ്പ്, കണ്ണൂർ പന്ന്യന്നൂരിൽ
ബന്ധങ്ങൾക്ക്: കെ. ഗോവിന്ദൻ, 9446296086

---

**ഒക്ടോബർ 5-9, നാരായൺ ദേശായി കേരളത്തിൽ**
**ഗാന്ധികഥ സംഘാടക സമിതി**
മെയ് 14ന് രാവിലെ 10ന്
തൃശൂർ ഗാന്ധിപീസ് ഫൗണ്ടേഷൻ
ഹാളിൽ. ബന്ധങ്ങൾക്ക്: 9496149173